DESPATCHED
On... 29/08/2020
16. 3 - 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2255(2)/2015/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 15002/എസ്.ഐ.സി–ജി 6/15)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി ശ്രീലക്ഷ്മി പി.,
മാനേജർ, KRKPM BHSS &VHSS,
കടമ്പനാട് സൗത്ത് പി.ഒ., പത്തനംതിട്ട – 691 553.

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   അക്കാഡമിക് വിഭാഗം,
   ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ
   കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
   തിരുവനന്തപുരം – 1.

2. അപ്പീൽ അധികാരി&
   ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം,
   ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ
   കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
   തിരുവനന്തപുരം – 1.

എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.09.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ശ്രീലക്ഷ്മി പി., 18.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2255(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 17.06.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 27.07.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം സർക്കാർ/കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ പ്രസ്തുത റിപ്പോർട്ട് മേലധികാരികളുടെ അന്തിമ തീരുമാനത്തിനു ശേഷമേ നൽകുവാൻ നിർവ്വാഹമുള്ളുവെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 03.09.2015ന് മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി 26.10.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കേരളത്തിൽ ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുന്നതിനും ഹയർ സെക്കന്ററി സീറ്റുകളുടെ അപര്യാപ്തത അനുഭവപ്പെടുന്ന എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ അധികബാച്ച് അനുവദിക്കുന്നതിനും സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നുവെന്നും ആയതിൻ പ്രകാരം പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട KRKPM BHSS സ്കൂൾ മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നാണ്. എന്നാൽ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ച ഭൗതിക സാഹചര്യം ഇല്ലാത്തതിനാൽ പ്രസ്തുത സ്കൂളിനെ ഹയർ സെക്കന്ററിയായി ഉയർത്തുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നില്ലെന്നും ഇതിനെതിരെയാണ് KRKPM BHSS സ്കൂൾ മാനേജർ

ഹൈക്കോടതിയിൽ WPC No.20091/14 പ്രകാരം കേസ് സമർപ്പിക്കുകയും പ്രസ്തുത കേസ്സിൽ ഹൈക്കോടതി 29.05.2015ന് വിധി പുറപ്പെടുവിക്കുകയും ചെയ്തുവെന്നുമാണ്. അപ്രകാരം കടമ്പനാട് പഞ്ചായത്തിൽ ഉൾപ്പെട്ട സ്കൂളിലേയും മറ്റു ജില്ലകളിൽ ഉൾപ്പെട്ടതുമായ സ്കൂളുകളെ സർക്കാർ ഉത്തരവു പ്രകാരം നിയമിതമായ സമിതി പുനർവാദം കേട്ട് വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രസ്തുത നിർദ്ദേശപ്രകാരം KRKPM BHSS സ്കൂൾ മാനേജരേയും മറ്റു സ്കൂൾ അധികാരികളേയും സർക്കാരിന്റെ നിർദ്ദേശാനുസരണവും ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ വച്ച് വാദം കേട്ട് വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചുവെന്നുമാണ്. ഹൈക്കോടതിയിലേയ്ക്ക്/സർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ട് KRKPM BHSS സ്കൂൾ മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നതും ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതിയുടെ അന്തിമ തീരുമാനത്തിനു വിധേയമായി മാത്രമേ റിപ്പോർട്ട് നൽകാൻ കഴിയൂ എന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്. എന്നാൽ ടി അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നു കാണിച്ച് ടിയാൾ സമർപ്പിച്ച അപ്പീലിന് മറുപടി നൽകിയിട്ടുണ്ടെന്നും കോടതി പരിഗണിച്ചു വരുന്നതും സർക്കാർ തലത്തിൽ വിവിധ ജില്ലകളിൽ സ്കൂൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതവും നയപരവുമായ തീരുമാനം എടുക്കേണ്ട വിഷയമാണെന്നും ലഭ്യമായ വിവരങ്ങളെല്ലാം ടിയാൾക്ക് നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയ ബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. 17.06.2015ലെ അപേക്ഷയ്ക്ക് 27.07.2015ലാണ് മറുപടി നൽകിയിട്ടുള്ളത്. ഏകദേശം 10 ദിവസത്തോളം കാലതാമസമുണ്ടായതായി കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടി വിഷയം സംബന്ധിച്ച് കോടതിയുടെ പരിഗണയിലായതിനാലാണ് മറുപടി നൽകാൻ കാലതാമസം ഉണ്ടായതെന്നാണ്. എന്നാൽ ടി കാരണം ചൂണ്ടിക്കാണിച്ച് ഹർജിക്കാരിയ്ക്ക് നിശ്ചിത സമയത്തിനകം മറുപടി നൽകാമായിരുന്നുവെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ

ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 16–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION THIRUVANANTHAPURAM